# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6071** **10.7.2012-ൽ മറുപടിക്ക്**

**ജെ.എൻ.എൻ.യു.ആർ.എം പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, എം. പി. വിൻസെന്റ്<br>,, സി. പി. മുഹമ്മദ്<br>,, ജോസഫ് വാഴക്കൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ജെ.എൻ.എൻ.യു.ആർ.എം പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) ജെ.എൻ.എൻ.യു.ആർ.എം പദ്ധതി നടപ്പിലാക്കുന്നതിന് കെ.എസ്.യു.ഡി.പി. നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. കൂടാതെ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യാൻ അഡ്മിനിസ്ട്രേറ്റ് സ്റ്റാഫ് കോളേജ് ഓഫ് ഇൻഡ്യയുടെ കീഴിൽ ഒരു പി.എം.യൂ പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റ്, നോഡൽ ഏജൻസിയെ പദ്ധതി നടപ്പിലാക്കുന്നതിന് സഹായിക്കുന്നു. നഗരസഭകളിൽ പ്രവർത്തിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രത്യേകയൂണിറ്റിൽ, ജെ.എൻ.എൻ.യു.ആർ.എം പദ്ധതികൾ നടപ്പിലാക്കാൻ പ്രത്യേകം വിഭാഗം ഉണ്ട്. ഭൂമി പൊന്നും വിലയ്ക്ക് എടുക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. ജെ.എൻ.എൻ.യു.ആർ.എം, എ.ഡി.ബി എന്നിവയുടെ ഒരുമിച്ചുള്ള പദ്ധതികളുടെ നിർവ്വഹണത്തിൽ എ.ഡി.ബി പദ്ധതിയ്ക്കായി നിയോഗിച്ചിട്ടുള്ള ടെക്ക്നിക്കൽ സപ്പോർട്ട് യൂണിറ്റും സഹായിക്കുന്നു. ഈ പദ്ധതിയിൻകീഴിൽ വരുന്ന പ്രവൃത്തികളുടെ അടങ്കലും മറ്റും തയ്യാറാക്കുന്നതിന്, എ.ഡി.ബി. പ്രവൃത്തികൾക്കുവേണ്ടി രൂപീകരിച്ച ഡിസൈൻ സൂപ്പർ വിഷൻ കൺസൽട്ടൻസി യൂണിററും സഹകരിക്കുകയും സഹായിക്കുകയും ചെയ്യുന്നു. ഇതു കൂടാതെ തന്നെ ഈ പദ്ധതിയിൻ കീഴിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ, അഴുക്കുചാൽ നിർമ്മാർജ്ജന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിന് ജലഅതോറിറ്റിയെ ഒരു പ്രത്യേക എഗ്രീമെന്റ് പ്രകാരം ഏല്പിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി ഇത് നടപ്പിലാക്കാൻ തിരുവനന്തപുരത്തും കൊച്ചിയിലും ഓരോ പ്രത്യേക യൂണിറ്റ് രൂപീകരിച്ച് പണികൾ നടത്തി വരുന്നു.<br>ജെ.എൻ.എൻ.യു.ആർ.എം-ന്റെ ഉപ പദ്ധതികളായ ബി.എസ്.യു.പി / ഐ.എച്ച്.എസ്.ഡി.പി എന്നിവ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു. നഗരപ്രദേശങ്ങളിലെ ചേരികളുടെ സമഗ്ര വികസനമാണ് ഈ പദ്ധതികളുടെ മുഖ്യലക്ഷ്യം. |

ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെ യാണ് നടപ്പാക്കുന്നത്;

ബി) തിരുവനന്തപുരം നഗരത്തിൽ പദ്ധതി ചെലവിന്റെ 80% കേന്ദ്രഗവൺമെന്റ് ഗ്രാന്റ് ആണ് നല്കുന്നത്. ബാക്കി 10% തുക കേരളാസർക്കാരും, 10% കോർപ്പറേഷനും വഹിക്കുന്നു. ഇത് കൊച്ചിക്ക് 50%, 30%, 20% എന്ന നിരക്കാണുള്ളത്. കൊച്ചിയുടെ ജന സംഖ്യ 10 ലക്ഷത്തിൽ കൂടുതൽ ആയതിനാലാണ് ഈ വ്യത്യാസം. പദ്ധതി നടപ്പിലാക്കുന്നത് കോർപ്പറേഷനും ജല അതോറിറ്റിയും ചേർന്നാണ്. ഇതു കൂടാതെ ജെ.എൻ.എൻ.യു.ആർ.എം പദ്ധതി യിൻ കീഴിൽ തിരുവനന്തപുരം, കൊച്ചി എന്നീ നഗ രങ്ങൾക്ക് വേണ്ടി വാങ്ങിയ ബസ്സുകളുടെ നട ത്തിപ്പും പരിപാലനവും കെ.എസ്.ആർ.ടി.സി ആണ് നിർവഹിക്കുന്നത്.

ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയുടെ കീഴിൽ കുടുംബശ്രീ വഴി 47 നഗരസഭകളിലായി സംയോജിത പാർപ്പിട ചേരി വികസന പദ്ധതി (ഐ.എച്ച്.എസ്.ഡി.പി)യും തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ ബേസിക് സർവ്വീസ് ടു അർബൻ പുവർ (ബി.എസ്.യു.പി) എന്ന പദ്ധതിയും നടപ്പാക്കി വരുന്നു. ഇതിന്റെ (രണ്ടു പദ്ധതികൾക്കും) ആകെ അടങ്കൽ തുക 616.99 കോടി രൂപയാണ്. അതിൽ 435.16 കോടി രൂപ കേന്ദ്ര വിഹിതവും 72.8 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.

സി) പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

സി) പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്ന തിലേയ്ക്കായി എല്ലാ മാസവും റിവ്യൂ മീറ്റിംഗു കൾ നടത്താറുണ്ട്. കൂടാതെ എല്ലാ മൂന്നു മാസ ത്തിൽ ഒരിക്കൽ ഒരോ നഗരവും സന്ദർശിച്ച് പണി കളുടെ പുരോഗതി പി.എം.യു. തലത്തിൽ ചെയ്യുന്നു. ഇതു കൂടാതെ ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് പദ്ധതിയുടെ ഫിസിക്കലും ധനപരവുമായ പുരോഗതി മൂന്നു മാസത്തിൽ ഒരി ക്കൽ വിലയിരുത്തുകയും, അവരുടെ നിർദ്ദേശ ങ്ങൾ അനുസരിച്ച് മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നു. പ്രസ്തുത ഏജൻസി, കേന്ദ്ര ഗവൺമെന്റ് നിയോഗിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ